# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.04.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. യുവജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ഭാവി നിർണയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi highlighted that a country's future is dependent on its youth, which is why it is crucial to prepare them for India's bright future.**

2. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷം.

**Leader of the Opposition in Rajya Sabha, Mallikarjun Kharge, and Leader of the Opposition in Lok Sabha, Rahul Gandhi, have called for a special session of Parliament in the wake of the brutal terror attack in Pahalgam.**

3. പാകിസ്ഥാനെതിരെ ഐക്യരാഷ്ട്ര സഭയിൽ ശക്തമായ വിമർശമുയർത്തി ഇന്ത്യ . നിയന്ത്രണ രേഖയിലെ വിവിധയിടങ്ങളിൽ പാക് സേന വെടിനിർത്തൽ ലംഘനം തുടരുന്നു.

**India has strongly raised the Pahalgam terror attack at the United Nations and also flagged a Pakistani minister's "confession" to training and funding terrorists**

4. ചലച്ചിത്രകാരൻ ഷാജി എൻ കരുണിന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം

**Kerala pays tribute to Eminent Malayalam filmmaker and cinematographer Shaji N Karun, passed away in Thiruvananthapuram last day.**

5. കാനഡ തിരഞ്ഞെടുപ്പിൽ മാർക്ക് കാർണി നയിക്കുന്ന ലിബറൽ പാർട്ടി ഭരണ തുടർച്ചയിലേക്ക്.

**Mark Carney's Liberal Party set to win the Canadian election. According to the latest trends, The Liberals are currently leading in 167 seats, while the Conservative Party, led by Pierre Poilievre, is leading in 145**

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

**In IPL, Delhi capitals will take on Kolkata Knight Riders today.**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**PM -YUGM (INTRO)**

*യുവജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ഭാവി നിർണയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിന്റെ*

***ഉയർച്ചക്കായി യുവതയ്ക്ക് ആധുനിക വിദ്യാഭ്യാസ സംവിധാനങ്ങൾ ഒരുക്കേണ്ടത് സർക്കാരിന്റെ കടമയാണെന്നും പ്രധാന മന്ത്രി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന യുഗ്മ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങളുടെ ഭാവി ശോഭനമാക്കുന്നതിൽ അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.***

***(ഹോൾഡ് വോയിസ്)***

***ഗവൺമെന്റ്, അക്കാദമിക മേഖല, വ്യവസായം, നൂതനാശയ രംഗം എന്നിവയിൽ നിന്നുള്ള പ്രമുഖർ ഒരുവേദിയിൽ അണിനിരക്കുന്ന ആദ്യ സമ്മേളനമാണ് യുഗ്മ്. ഇന്ത്യയുടെ നൂതനാശയ ആവാസവ്യവസ്ഥയിൽ വൻ തോതിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നതാണ് സമ്മേളനത്തിന്റെ ലക്ഷ്യം.***

$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**LOP LETTER :SPECIAL SESSIONLOP LETTER :SPECIAL SESSION**

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷം. രാജ്യസഭയിലെയും, ലോക്സഭയിലെയും പ്രതിപക്ഷ നേതാക്കളായ മല്ലികാർജുൻ ഖർഗെയും രാഹുൽ ഗാന്ധിയും ഈ ആവശ്യം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു . ദേശീയ ഐക്യം പ്രകടിപ്പിക്കുന്നതിനായി പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കുന്നത് രാജ്യത്തിന്റെ ഇച്ഛാശക്തിയുടെ ശക്തമായ പ്രകടനമാകുമെന്ന് കത്തിൽ പറയുന്നു. എന്നാൽ പഹൽഗാം വിഷയത്തിൽ കോൺഗ്രസ് ആദ്യം നിലപാട് വ്യക്തമാക്കണമെന്നും, വിവിധ നേതാക്കൾ വ്യത്യസ്ത അഭിപ്രായങ്ങൾ പറയുന്നതായും ചൂണ്ടിക്കാട്ടി ബിജെപി കത്തിനെതിരെ വിമർശനവുമായി രംഗത്തുവന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**INDIA EXPOSE-PAK- (INTRO)**

*പഹൽഗാം ഭീകരാക്രമണ വിഷയം ഐക്യരാഷ്ട്ര സഭയിൽ ഉന്നയിച്ച് ഇന്ത്യ . ആഗോള ഭീകരതയ്ക്ക് പിന്തുണ നൽകുന്ന രാജ്യമാണ് പാകിസ്ഥാൻ എന്നും ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ പ്രതിനിധി യോജന പട്ടേൽ വിമർശിച്ചു. ഭീകര സംഘടനകൾക്ക് പാകിസ്ഥാൻ ധനസഹായവും പരിശീലനവും നൽകിയിട്ടുണ്ടെന്ന പാക് പ്രതിരോധ മന്ത്രിയുടെ പരാമർശവും ഇതിന് ഉദാഹരണമായി ഇന്ത്യ ചൂണ്ടിക്കാട്ടി.*

*(ഹോൾഡ്)*

*ആഗോള വേദികൾ ദുരുപയോഗം ചെയ്ത് ഇന്ത്യയ്ക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ അഴിച്ചുവിടുകയാണ് പാകിസ്ഥാൻ ചെയ്യുന്നതെന്നും ഇന്ത്യ ആരോപിച്ചു . പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ച രാജ്യങ്ങളോട് ഇന്ത്യ നന്ദി അറിയിച്ചു.*

$$$$$$$$$$$$$$$$$$$$$$$$$$$$$$

**LOC-FIRING**

ജമ്മു കശ്മീരിൽ, നിയന്ത്രണ രേഖയിലെ വിവിധയിടങ്ങളിൽ പാകിസ്ഥാൻ സൈന്യം ഇന്നലെ രാത്രി നടത്തിയ വെടിവയ്പ്പിനെ ഫലപ്രദമായി നേരിട്ട് ഇന്ത്യൻ സേന . കുപ്വാര, ബാരാമുള്ള, അഖ്നൂർ മേഖലകളിലാണ് പാകിസ്ഥാൻ സൈനിക പോസ്റ്റുകളിൽ നിന്നും പ്രകോപനമില്ലാതെ വെടിവെയ്പ്പുണ്ടായത്. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**J AND K DESTINATIONS**

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കശ്മീർ താഴ് വരയിലെ റിസോട്ടുകൾ ഉൾപ്പെടെ 48 വിനോദസഞ്ചാര കേന്ദ്രങ്ങൾ

താത്കാലികമായി അടച്ച് ജമ്മു-കശ്മീർ സർക്കാർ. യുസ്മാർഗ്, ദൂത്പത്രി, കൗസർനാഗ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. തുറന്ന് പ്രവർത്തിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സുരക്ഷ ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**US INDIAN COMMUNITY-PAHALGAM**

പഹൽഗാം ഭീകരാക്രമണത്തിലെ ഇരകൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് അമേരിക്കയിലെ ഇന്ത്യൻ സമൂഹം. പ്രാർത്ഥനാ യോഗങ്ങളും പ്രതിഷേധ പരിപാടികളും ഇതിന്റെ ഭാഗമായി നടന്നു. കാനഡ, ഡെൻമാർക്ക്, ഇംഗ്ലണ്ട്, ഫ്രാൻസ്, ഫിൻലാൻഡ്, ജർമ്മനി, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലെ പ്രവാസി ഇന്ത്യക്കാരും ആക്രമണത്തെ അപലപിച്ച് പ്രകടനങ്ങൾ സംഘടിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$$$$$$$$

**VIZHINJAM**

കേരളത്തിന്റെ സ്വപ്നകവാടമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷനിങ് ചടങ്ങിന് ഇനി മൂന്ന് നാൾ. പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് രണ്ടിനാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിന് സമർപ്പിക്കുക. തുറമുഖത്തു നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനുൾപ്പെടെയുള്ളവർ പങ്കെടുക്കും. ഉദ്ഘാടനത്തിനെത്തുന്ന പ്രധാനമന്ത്രിയെ സ്വീകരിക്കാൻ തുറമുഖത്ത് പോലീസിന്റെയും എസ്പിജിയുടെയും നേതൃത്വത്തിൽ കനത്ത സുരക്ഷയൊരുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**SSLC**

ഈ വർഷത്തെ എസ്.എസ്.എൽ.സി ഫലം മെയ് ഒമ്പതിന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഫലപ്രഖ്യാപനത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ പറഞ്ഞു. 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി ഈ മാസം 3 മുതൽ 26 വരെ രണ്ട് ഘട്ടങ്ങളിലായി മൂല്യ നിർണ്ണയം കഴിഞ്ഞ് മാർക്ക് എൻട്രി നടപടികൾ പൂർത്തീകരിച്ചു. വിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ ആവശ്യങ്ങൾ മെയ് 2-ന് ന്യൂഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനെ കണ്ട് അവതരിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-4

## SHAJI N KARUN

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി. തിരുവനന്തപുരം വഴുതക്കാട് കലാഭവൻ തിയേറ്ററിൽ പൊതുദർശനത്തിന് വെച്ച ഭൗതികദേഹത്തിൽ മന്ത്രിമാരായ സജി ചെറിയാനും, വി.ശിവൻകുട്ടിയുമടക്കം സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ അന്ത്യാഞ്ജലി അർപ്പിച്ചു. സംസ്കാരം ഇന്ന് വൈകുന്നേരം 4 മണിക്ക് തൈക്കാട് ശാന്തി കവാടത്തിൽ നടക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## L.MURUGAN

ഒരു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര സഹ മന്ത്രി ഡോ. എൽ മുരുകൻ ഇന്ന് കൊച്ചിയിൽ. കൊച്ചി വൈഎംസിഎ ഹാളിൽ നടക്കുന്ന ഡോ. ബി ആർ അംബേദ്കർ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം, പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എൻ.രാമചന്ദ്രന്റെ വസതി സന്ദർശിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## WAVES

ലോക ദൃശ്യ-ശ്രവ്യ വിനോദ ഉച്ചകോടി - വേവ്സ് 2025 ന് മറ്റന്നാൾ മുംബൈയിൽ തുടക്കമാകും. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് പ്രദർശനം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-5

## CANADA

കാനഡ തിരഞ്ഞെടുപ്പിൽ ഭരണ തുടർച്ച ഉറപ്പിച്ച് ലിബറൽ പാർട്ടി. പ്രധാനമന്ത്രി മാർക് കാർണി നയിക്കുന്ന ലിബറൽ പാർട്ടി 167 സീറ്റുകളിലാണ് മുന്നേറുന്നത്. 145 സീറ്റിൽ മാത്രമാണ് പിയറി പോളിവെറിന്റെ കൺസർവേറ്റീവ് പാർട്ടി ലീഡ് ചെയ്യുന്നത്. 343 ൽ 172 സീറ്റുകളാണ് ഭൂരിപക്ഷത്തിന് വേണ്ടത്. ശക്തവും, സ്വതന്ത്രവുമായ കാനഡയ്ക്ക് വേണ്ടിയുള്ള പരിഷ്കരണങ്ങൾക്ക് തയ്യാറെടുക്കാൻ തിരഞ്ഞെടുപ്പിൽ തന്നെ പിന്തുണച്ചവരോട് മാർക് കാർണി ആഹ്വാനം ചെയ്തു. കാനഡയ്ക്ക് നേർക്ക് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നടത്തുന്ന വെല്ലുവിളികളെയും അദ്ദേഹം രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. അതേസമയം തിരഞ്ഞെടുപ്പിൽ പരാജയം നേരിട്ടതിനെ തുടർന്ന് ഖാലിസ്ഥാൻ അനുകൂല നേതാവ് ജഗ്മീത് സിങ്ങ് എൻഡിപി നേതൃസ്ഥാനം രാജിവച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-6

## I P L

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലാണ് മത്സരം. ഗുജറാത്ത് ടൈറ്റൻസിനെ രാജസ്ഥാൻ റോയൽസ് ഇന്നലെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. 35 പന്തിൽ നിന്ന് സെഞ്ച്വറി നേടിയ 14-കാരൻ വൈഭവ് സൂര്യവംശിയുടെ മിന്നുന്ന പ്രകടനമാണ് രാജസ്ഥാന് കരുത്തായത്. ഐ.പി.എല്ലിൽ സെഞ്ച്വറി നേടുന്ന പ്രായം കുറഞ്ഞ താരമെന്ന റെക്കോർഡും വൈഭവ് സ്വന്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>SENSEX+GOLD</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക 142 പോയിന്റ് ഉയർന്ന് 80,363 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 23 പോയിന്റ് വർദ്ധിച്ച് 24,352 ലും വ്യാപാരം തുടരുന്നു.

സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 40 രൂപ വർദ്ധിച്ച് 8,980 രൂപയും പവന് 320 രൂപ വർദ്ധിച്ച് 71,840 രൂപയുമായി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>INDIA-US TRADE DEAL</u>**

അമേരിക്കയുമായി വ്യാപാര കരാറിലേർപ്പെടുന്ന ആദ്യ രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുമെന്ന് യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബസൻറ്. വ്യാപാര കരാറിന് അനുകൂലമായ തുറന്ന വ്യാപാര അന്തരീക്ഷമാണ് ഇന്ത്യയിലുള്ളതെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ആഴ്ച ഇന്ത്യ സന്ദർശിച്ച യുഎസ് വൈസ് പ്രസിഡൻറ് ജെഡി വാൻസ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി വ്യാപാര വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. തുടർ ചർച്ചകൾക്കുള്ള രൂപരേഖ തയ്യാറായതായും ഇരു രാജ്യങ്ങളും വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$$$$$$